പതിനാലാം കേരള നിയമ സഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 78 | 26-09-2016-ൽ മറുപടിക്ക്.

# ഫ്രണ്ട്സ് ജനസേവനകേന്ദ്രം

ചോദ്യം
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി.

മറുപടി
ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് ടെലിഫോൺ ബില്ലുകൾ ഉൾപ്പെടെയുള്ള വിവിധയിനം കരങ്ങൾ സാകര്യപ്രദമായി അടയ്ക്കുന്നതിനുള്ള ഫ്രണ്ട്സ് ജനസേവനകേന്ദ്രം ഏതെല്ലാം നഗരങ്ങളിൽ പ്രവർത്തിച്ച വരുന്നു; | (എ) | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. |
| (ബി)<br><br><br><br><br>(സി) | മുൻ കാലങ്ങളിൽ ഇവിടെ സ്വീകരിച്ച വന്നിരുന്ന ഏതെങ്കിലും ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നിർത്തലാക്കിയവ ഏതൊക്കെയെന്നും നിർത്തലാക്കാനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;<br><br>ഏതെങ്കിലും ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം പുന:പരിശോധിക്കുമോ? | (ബി) യും<br><br><br><br>(സി) യും | ഉണ്ട്. മോട്ടോർ വാഹന വകുപ്പ് ബില്ലുകൾ സ്വീകരിക്കുന്നതിനായി അവരുടെ തന്നെ ഒരു ഓൺലൈൻ സംവിധാനം നടപ്പിലാക്കുകയും ബില്ലുകൾ സ്വീകരിക്കുന്നതിനായി കൗണ്ടറുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെയെല്ലാം വകുപ്പ് തിരികെ വിളിച്ച ആയതിനെ തുടർന്നാണ് ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയത്. പ്രസ്തുത വിഷയത്തിന്റെ പുനപരിശോധന സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ